(2) കൊച്ചുവേളി റെയിൽവേ ഗുഡ്സ് ഷെഡ് നിലനിർത്തുന്നതിന് നടപടി

ശ്രീ. വർക്കല കഹാർ : സർ, സ്വാതന്ത്ര്യത്തിനു മുൻപ് തിരുവനന്തപുരത്ത് പ്രവർത്തിച്ചിരുന്ന റെയിൽവേ ഗുഡ്സ്ഷെഡ് നിർത്തലാക്കാനുള്ള ശ്രമങ്ങൾ തിരുവനന്തപുരം ജില്ലയിൽ ഗുരുതരമായ സ്ഥിതിവിശേഷം സംജാതമാക്കിയിരിക്കുകയാണ്. തിരുവനന്തപുരം നിവാസികളെ ഇത് രണ്ട് തരത്തിലാണ് ബാധിക്കുന്നത്. ഒന്ന് ആയിരത്തിൽപ്പരം തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലും അപകടത്തിലുമാകുകയാണ്. രണ്ടാമതായി തിരുവനന്തപുരത്തെ ജനങ്ങൾക്ക് ഒരുപാട് അസൗകര്യങ്ങൾ ഇതുമൂലം സൃഷ്ടിക്കപ്പെടുകയാണ്. തിരുവനന്തപുരം ജില്ല തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ്. സർ സി.പി. രാമസ്വാമി അയ്യർക്കു ശേഷം ഇവിടെ പുതിയ തൊഴിലവസരങ്ങളൊന്നും ഉണ്ടായിട്ടില്ല. ആകെയുണ്ടായിട്ടുള്ളത് ആസ്പിരിൻ പ്ളാന്റാണ്. ആ സ്ഥാപനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂട്ടി. അതുകാരണം നൂറുകണക്കിന് തൊഴിലാളികൾ അപകടത്തിലായി. അതോടൊപ്പം മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് വർക്ക്സ് ഇല്ലാതായി. അവിടെയും മുന്നൂറോളം തൊഴിലാളികൾക്ക് തൊഴിലില്ലാതായി. ചാലയിലെ സിവിൽ സപ്ളൈസ് ഡിപ്പോയിലെ സ്വകാര്യവൽക്കരണം കാരണം മുന്നൂറോളം തൊഴിലാളികളുടെ കുടുംബങ്ങൾ അനാഥമായി. ഐ.റ്റി.ഡി.സി-യുടെ സ്വകാര്യവൽക്കരണംമൂലം ഇരുന്നൂറോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും അവരുടെ കുടുംബങ്ങൾ പട്ടിണിയിലാകുകയും ചെയ്തു. ഈ സാഹചര്യങ്ങളൊക്കെ നിലനിൽക്കുമ്പോഴാണ് കൊച്ചുവേളി റെയിൽവേ ഗുഡ്സ്ഷെഡ് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ആയിരക്കണക്കിന് തൊഴിലാളികൾ വലിയതുറയിലെ എഫ്.സി.ഐ.-യിലും കൊച്ചുവേളിയിലെ ഗുഡ്സ്ഷെഡ്ഡിലും പണിയെടുക്കുന്നു. ഇത് അടച്ചുപൂട്ടുന്നതുമൂലം ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെടാൻ പോകുകയാണ്. തിരുവനന്തപുരം നിവാസികൾക്ക് എന്തൊക്കെ നഷ്ടമാണെന്നോ ഇതുകൊണ്ടുണ്ടാകാൻ പോകുന്നത്. നമ്മുടെ റേഷൻ സംവിധാനത്തിനാവശ്യമായ അരിയും ഗോതമ്പും മറ്റ് സാധനങ്ങളും ഗുഡ്സ് വാഗണുകളിൽ കൊച്ചുവേളിയിലെത്തിച്ചിട്ട് അവിടെ നിന്നും ലോറിയിലാണ് ജില്ലയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത്. സിമന്റായാലും, ഹാർഡ്വെയർ ആയാലും രാസവളമായാലും മുഴുവൻ സാധനങ്ങളും കൊച്ചുവേളിയിൽ വന്നശേഷമാണ് മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപാകുന്നത്. ഇപ്പോൾ ഇത് പൊളിച്ചു മാറ്റുന്നതുകൊണ്ട് കൊല്ലത്തുപോയി ഈ സാധനങ്ങൾ ഇവിടെ കൊണ്ടുവരേണ്ട സ്ഥിതിയാണുണ്ടാകുന്നത്. ആദ്യം പറഞ്ഞത് ഗുഡ്സ് യാർഡ് നഷ്ടത്തിലാണ്, അതുകൊണ്ട് നിർത്തലാക്കാൻ പോകുന്നുയെന്നാണ്. രണ്ടാമത് പറഞ്ഞത് ഫുഡ് കോർപ്പറേഷൻ ഇതിന്റെ നഷ്ടം സഹിക്കാൻ തയ്യാറുണ്ടെങ്കിൽ ഇത് നിലനിർത്താമെന്നായിരുന്നു. പക്ഷെ ഇപ്പോൾ ഇതുരണ്ടുമല്ലാതെ ഇതില്ലെങ്കിൽ സെക്കന്റ് ടെർമിനലിന്റെ പണി നടത്താൻ കഴിയില്ലെന്ന വാദമുഖം റെയിൽവേ ഉന്നയിക്കുകയാണ്. ഇത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇത് നിവനിർത്തിക്കൊണ്ടുതന്നെ സെക്കന്റ് ടെർമിനലിന്റെ പണി തുടങ്ങണം. അത് നമ്മുടെ ആവശ്യമാണ്. ഇത് പൊളിക്കാതെ തന്നെ ഈ ടെർമിനലിന്റെ പണി തീർച്ചയായും ചെയ്യാൻ കഴിയും. അതുകൊണ്ട് ആയിരക്കണക്കിന് തൊഴിലാളി കുടുംബങ്ങളുടെ ജീവിതം അപകടത്തിലാകും. ഇതുമൂലം തിരുവനന്തപുരം നിവാസികൾക്കുണ്ടാകുന്ന അപരിഹാര്യമായ നഷ്ടത്തെക്കുറിച്ചാണ് ഞാൻ മുഖ്യമന്ത്രിയുടേയും സർക്കാരിന്റേയും അടിയന്തിര ശ്രദ്ധക്ഷണിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഇതുസംബന്ധിച്ച് ഗവൺമെന്റ് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രി തന്നെ ഇതുസംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രിക്ക് ഇതിനകം കത്തെഴുതിയിട്ടുണ്ട്. എല്ലാ രാഷ്ട്രീയ കക്ഷികളും അവിടെയുള്ള ആളുകളും ഇതിനെതിരായി രംഗത്തുണ്ട്. തൊഴിലാളി യൂണിയനുകളെ സംഘടിപ്പിച്ച് സമരവും ആരംഭിച്ചിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് വർക്കല മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. സംസ്ഥാന സർക്കാരിന് ഒന്നും ചെയ്യാൻ കഴിയാത്ത രണ്ടു കാര്യങ്ങളാണ് ഇതിനകത്തുള്ളത്. ഒന്ന് എഫ്.സി.ഐ.-യാണ് ഇതിന്റെ നഷ്ടം സഹിക്കേണ്ടതും ഇതിന്റെ പണം കൊടുക്കേണ്ടതും. അത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലാണ്. നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഈ ഗുഡ്സ് ഷെഡ്ഡിന്റെ അധികാരവും ചുമതലയും കേന്ദ്ര ഗവൺമെന്റിന്റെ, റെയിൽവേ വകുപ്പിനാണ്. ഈ രണ്ട് വകുപ്പുകളും സംയോജിപ്പിച്ച് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം. ഇതിന്റെ മറുവശമെന്നു പറയുന്നത്, ജനപ്രതിനിധികൾതന്നെ പറയുന്നുണ്ട് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ ഇനി ഒരു തീവണ്ടിപോലും സ്വീകരിക്കാൻ കഴിയാത്തവിധം ബുദ്ധിമുട്ടാണ് എന്ന്. യാത്ര ചെയ്യുന്ന എം.എൽ.എ. മാർക്ക് അറിയാം. ഇപ്പോൾത്തന്നെ പ്ലാറ്റ് ഫോം ഒഴിഞ്ഞുകിട്ടാൻ വേണ്ടി പേട്ടയിലും മറ്റും വണ്ടി പിടിച്ചിടുന്ന സ്ഥിതിയാണുള്ളത്. ഇപ്പോൾ ഡബ്ളിംഗും കൂടിയായി വണ്ടികളുടെ എണ്ണം കൂടിയപ്പോൾ സെൻട്രൽ സ്റ്റേഷനിലേയ്ക്ക് കടക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഡൽഹിയിലും മദിരാശിയിലും ബോംബെയിലുമൊക്കെ ചെയ്യുന്നതുപോലെ ഒരു രണ്ടാം ടെർമിനൽ റെയിൽവേയെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്ത് അനിവാര്യമായിരിക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസമോടുന്ന ഹൈദ്രാബാദ് കൊച്ചി വണ്ടി തിരുവനന്തപുരത്തേയ്ക്ക് extend ചെയ്തിട്ട് തിരുവനന്തപുരം സെൻട്രലിൽ വരാൻ കഴിയാത്തതുകൊണ്ട് അത് കൊച്ചുവേളിവരെയാണ് extend ചെയ്തിരിക്കുന്നത്. ബോംബെയിലെ സ്റ്റേഷനുകളെപ്പോലെ സിറ്റിക്ക് പുറത്ത് പ്ലാറ്റ്ഫോമും തീവണ്ടികൾ ടെർമിനേറ്റ് ചെയ്യുന്ന സാഹചര്യവും ആരംഭിച്ചു കഴിഞ്ഞു. പക്ഷേ തിരുവനന്തപുരം റെയിൽവേസ്റ്റേഷൻ സിറ്റിയുടെ ഹൃദയഭാഗത്ത് ആയതുകൊണ്ട് എത്ര ശ്രമിച്ചാലും അതിന്റെ വികസനം നടത്താൻ പറ്റുകയില്ല. നേരത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥലവും പബ്ളിക് ഹെൽത്തിന്റെ സ്ഥലവും കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലവും വിട്ടുകൊടുത്തു. അതെല്ലാം വിട്ടുകൊടുത്തതിനുശേഷവും വികസനം വഴിമുട്ടി നിൽക്കുകയാണ്. അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

പ്ളാറ്റ് ഫോം ആയിക്കഴിഞ്ഞു. ഇനിയൊന്നും ചെയ്യാൻ നിവർത്തിയില്ലെന്നാണ് അവർ പറഞ്ഞത്. ഇനിയുണ്ടാകണമെങ്കിൽ തമ്പാനൂരിലേയ്ക്കുള്ള മെയിൻ റോഡ് മാറ്റിക്കൊടുക്കണം. കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷനും മാറ്റിക്കൊടുക്കണം അത് പറ്റുകയില്ല. ആ സാഹചര്യത്തിൽ ഒരു സെക്കന്റ് ടെർമിനൽ തിരുവനന്തപുരത്തിന്റെ വികസനത്തിനാവശ്യമുണ്ടെങ്കിൽ അത് കൊച്ചുവേളിയിലേ പറ്റൂ. മറ്റൊരു നിർദ്ദേശം വന്നത് തിരുവനന്തപുരത്തിന് തെക്കുവശത്ത് ആക്കാമെന്നായിരുന്നു. അത് പറ്റുകയില്ല. കാരണം ഈ പ്ളാറ്റ്ഫോം കഴിഞ്ഞുമാത്രമേ വണ്ടികൾക്ക് പോകാൻ കഴിയുകയുള്ളു എന്നുള്ളതുകൊണ്ട് തെക്കോട്ട് കൊണ്ടുപോകുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടാണെന്ന് റെയിൽവേ തീരുമാനിച്ചിരിക്കുകയാണ്. കൊച്ചുവേളി ഡെവലപ്പ് ചെയ്യുമ്പോഴുണ്ടാകാവുന്ന സൗകര്യം തിരുവനന്തപുരത്തിന് നഷ്ടപ്പെടാൻ പാടില്ല. ഒരു മറുവശംകൂടി ഇതിനകത്തുണ്ടെങ്കിലും തൊഴിലാളികളുടെ ജോലി സംരക്ഷിക്കുകയെന്നുള്ളത് സർക്കാരിന്റെ ഒരു കടമയാണ്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടത്തെ തൊഴിലാളികൾ പട്ടിണി കിടക്കാൻ പാടില്ല. ഗുഡ്സ്ഷെഡ് ആവശ്യമില്ല എന്നുള്ള ഒരു വാദമാണ് എഫ്.സി.ഐ. സ്വീകരിച്ചിരിക്കുന്നത്. കാരണം പഴയതുപോലെ എഫ്.സി.ഐ. ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കുചെയ്യുന്നില്ലെന്നും അവ പുറത്തേയ്ക്ക് അയയ്ക്കുന്നത് കുറവാണെന്നുമാണ് അവർ പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് ഗവൺമെന്റിന് അനുഭാവമുണ്ട്. തൊഴിലാളികളാണ് പ്രധാന പ്രശ്നം. അവർക്കെന്ത് ചെയ്യാൻ കഴിയുമെന്ന് കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് സംസ്ഥാന ഗവൺമെന്റ് വളരെ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കാം.

ശ്രീ. വർക്കല കഹാർ : ഗുഡ്സ്ഷെഡ് അവിടെ നിലനിർത്തണമെന്നും ഒരുകാരണവശാലും മാറ്റരുതെന്നും ആവശ്യപ്പെട്ട് ശ്രീ. പി.കെ. വാസുദേവൻ നായരുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് വിളിച്ചുചേർത്തപ്പോൾ അവർ പറഞ്ഞത് റെയിൽവേയാണ് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നത് എന്നാണ്. അതുപോലെതന്നെ തിരുവനന്തപുരം മിലിട്ടറിക്കും ടെറ്റാനിയം പ്രോഡക്ട്സിനുമുള്ള സൗകര്യങ്ങൾ നിലനിർത്തിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ പൊതുവിതരണ സമ്പ്രദായത്തെ ബാധിക്കുന്ന തരത്തിൽ ആ ലൈനുകൾ നിലനിർത്തുന്നതിനാണ് നമ്മൾ നടപടി സ്വീകരിക്കേണ്ടത്. ഈ ആവശ്യത്തിനായി റെയിൽവേയിലേയും, എഫ്.സി.ഐ.യിലേയും പ്രഗൽഭരായ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും ഒരു യോഗം വിളിക്കാൻ മുഖ്യമന്ത്രി ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവമറിയാം. തിരുവനന്തപുരം ജില്ലയിലെ എല്ലാ രാഷ്ട്രീയ പാർട്ടിനേതാക്കൻമാരും ശ്രീ. പി. കെ. വാസുദേവൻ നായർ അടക്കമുള്ള ജനപ്രതിനിധികളും എന്നെ വന്നുകണ്ട് സംസാരിച്ചതാണ്. അവരുടെകൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഇന്നലെ ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. ലാലുപ്രസാദ് യാദവിന് ഒരു കത്ത് അയച്ചിട്ടുണ്ട്. ഗവൺമെന്റ് ഈ പ്രശ്നം വളരെ ഗൗരവതരമായിത്തന്നെ കൈകാര്യം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly